**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നംപർ. 4459

26.06.2014 ൽ മറുപടിക്ക്

## മണൽക്കടത്തിനെതിരെ സ്വീകരിച്ച നടപടികൾ

ചോദ്യം

ശ്രീ.വി.ശശി :

ഉത്തരം

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | മണൽക്കടത്തിൽ ഏർപ്പെട്ട് പിടിക്കപ്പെട്ട വാഹനങ്ങൾക്കെതിരെ നടപടിയെടുക്കാനുള്ള ചുമതല ആർക്കാണെന്ന് വ്യക്തമാക്കുമോ; | (എ) | കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമപ്രകാരം മണൽ കടത്തിൽ ഏർപ്പെട്ട് പിടികൂടപ്പെട്ട വാഹനങ്ങൾക്കെതിരെ നടപടി എടുക്കാനുള്ള ചുമതല സബ് ഡിവിഷണൽ മജിസ്ട്രേറ്റിനാണ്. |
| (ബി) | ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ സമയബന്ധിതമായി നടപടിയെടുക്കാത്തതുമൂലം എത്ര പേർ കോടതി നടപടികളിൽ നിന്നും രക്ഷപ്പെട്ടുവെന്ന കണക്ക് ജില്ല തിരിച്ച് നൽകാമോ ; | (ബി) | അപ്രകാരമുള്ള കേസുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. |
| (സി) | കണ്ടുകെട്ടിയ മണൽ കുറഞ്ഞ നിരക്കിൽ വിറ്റത് മൂലം ഖജനാവിനുണ്ടായ റവന്യൂ നഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വീഴ്ച വരുത്തിയവർക്കെതിരെ നടപടികൾ നിർദ്ദേശിച്ചിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ? | (സി) | കണ്ടുകെട്ടിയ മണൽ സർക്കാർ നിശ്ചയിക്കുന്ന നിരക്കിൽ നിർമ്മിതി കേന്ദ്രത്തിന് വിൽക്കുന്നതിനാൽ റവന്യൂ നഷ്ടം വരുന്നില്ല.<br><br>സെക്ഷൻ ഓഫീസർ |